CAREERINDIA

No. of Printed Pages : **6**

**6803**

Register Number

# Language — Part I — MALAYALAM — Paper I

(Poetry and Prose)

Time Allowed : 2½ Hours ] [ Maximum Marks : 100

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പു വരുത്തുന്നതിനുവേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടനെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുവാനും അടിവരയിടുവാനും കറുപ്പോ നീലയോ നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക. ചിത്രങ്ങൾ വരയ്ക്കുവാൻ പെൻസിൽ ഉപയോഗിക്കാം.

www.careerindia.com

## എ - വിഭാഗം

**I.** (a) **ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **30x1=30**

**1.** ആരുടെ ചരിതം അറിയുവാനാണ് ഹനുമാൻ ലങ്കയിൽ പ്രവേശിച്ചത് ?

(a) സീതാദേവി (b) ലങ്കാലക്ഷ്മി (c) അഞ്ജന

**2.** 'മല്ലൂർക്കയമിനിചൊല്ലുമാത്രം, മല്ലുരെത്തേവർ തെരുവു ദൈവം'– ഇങ്ങനെ പാടിയ കവി :

(a) ജീ. ശങ്കരക്കുറുപ്പ് (b) എഴുത്തച്ഛൻ (c) ഇടശ്ശേരി

**3.** ''കൊല്ലിക്കയല്ലേ രസം നിനക്ക് '' ഇങ്ങനെ ചോദിച്ചത് ആരാണ് ?

(a) കുന്തിദേവി (b) ഗാന്ധാരി (c) പാഞ്ചാലി

**4.** സ്നേഹത്തിൻ ഫലം സ്നേഹം ജ്ഞാനത്തിൽ ഫലം ജ്ഞാനം ഇങ്ങനെ പാടിയ കവി :

(a) കുമാരനാശാൻ

(b) മേലൂർ ദാമോദരൻ

(c) ജീ.ശങ്കരക്കുറുപ്പ്

[ Turn over

CAREERINDIA



(b) **ചേരുംപടി ചേർത്തെഴുതുക :**

5. ഭിക്ഷുവും ചണ്ഡാലിയും – വാഴപ്പഴം

6. കടമനിട്ട രാമകൃഷ്ണൻ – കുമാരനാശാൻ

7. നാളത്തെ വിഷുക്കണി – മകനോട്

8. വിജയലക്ഷ്മി – മേലൂർ ദാമോദരൻ

(c) **അർത്ഥമെഴുതുക.**

9. ഭഗിനി

10. വിതാനം

11. വൃന്ദം

12. വേപം

13. മാല്

(d) **ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

14. മൗസം എന്ന വാക്ക് ഏതു ഭാഷയിലുള്ളതാണ് ?

(a) അറബി (b) ലാറ്റിൻ (c) സംസ്കൃതം

15. ആട്ടോ ബയോഗ്രാഫി എന്നറിയപ്പെടുന്ന സാഹിത്യശാഖ :

(a) കല്പിതകഥ (b) ആത്മകഥ (c) നിരൂപണ സാഹിത്യം

16. മൂന്നു പണ്ഡിതൻമാരുടെ അടിവെച്ചുള്ള രംഗപ്രവേശം അനുസ്മരിപ്പിക്കുന്നത് :

(a) വേലകളിക്കാരെ

(b) കോൽകളിക്കാരെ

(c) മരുന്ന് വിൽപ്പനക്കാരെ

www.careerindia.com

CAREERINDIA



17. ഇൻഡോ ആര്യൻ ഗോത്രത്തിൽപ്പെടുന്ന ഒരു ഭാഷ :
    (a) മറാഠി (b) മലയാളം (c) ബ്രാഹുയി

(e) **ചേരുംപടി ചേർക്കുക.**

18. നാടോടി രംഗവേദി - വി.കെ. ജോസഫ്

19. ദാനത്തിൽ തെളിയുന്ന ശോഭ - വി.എസ്. അനിൽ കുമാർ

20. ഗുഡിയത്തിൽ ഒരു ഗുഹ - പി.കെ. ബാലകൃഷ്ണൻ

21. സിനിമ കാഴ്ചയും യാഥാർത്ഥ്യവും - വയലാ.വാസുദേവൻ പിള്ള

(f) **അർത്ഥമെഴുതുക.**

22. പവിത്രം

23. സ്ഫോടനം

24. അമരമന്ത്രം

25. ലൗകീകം

26. വ്യഷ്ടി

(g) **വിപരീത പദമെഴുതുക.**

27. ശാസ്ത്രീയം

28. ധർമ്മം

29. ദൃശ്യം

30. മിഥ്യ

www.careerindia.com

CAREERINDIA



## ബി - വിഭാഗം

**II. മൂന്നെണ്ണത്തിന് സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.** 3x4=12

**31.** ഉടൽ കടുകിനൊടു സമമിടത്തുകാൽ മുൻപിൽവ
ച്ചുള്ളിൽ കടപ്പാൻ തുടങ്ങും ദശാന്തരേ
കഠിനതരമലറിയൊരു രചനിചരി വേഷമായ്
ക്കാണായിതാശു ലങ്കാശ്രീയെയും തദാ

**32.** പുണ്യശാലിനി, നീ പകർന്നീടുമീ
ത്തണ്ണീർ തന്നുടെയോരോരോ തുള്ളിയും
അന്തമറ്റ സുകൃതഹാരങ്ങൾ നി
ന്നന്തരാത്മാവിലർപ്പിക്കുന്നുണ്ടാവാം

**33.** ഇനിയും നിളേ നീയിരച്ചു പൊന്തും
ഇനിയും തടം തല്ലിപ്പാഞ്ഞണയും
ചിരി വരുന്നുണ്ടതു ചിന്തിക്കുമ്പോ
ളിനി നിയ്യിപ്പാലത്തിൽ നാട്ടനൂഴും.

**34.** മകനെ, നീ നാട്ടുപൗരനാകാതൊരു
മനുഷ്യനായ്ത്തന്നെ വളരു
മകനെ, നീ വെറും മാന്യനാകാതിന്നു
മനുഷ്യന്റെ പച്ചയായ് ത്തീരൂ.

**35.** നിഷ്കളങ്കതേ, നിന്നെ
ക്കണ്ടു ഞാൻ എന്നും മഷി
യിട്ടു നോക്കുമെൻ വിഷ
ക്കണ്ണട വിറക്കുമ്പോൾ

www.careerindia.com

CAREERINDIA



**III. താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം പൂരിപ്പിക്കുക.** **1x10=10**

**36.** അല്ലല്ലെന്തു..............................തരികതെനിക്കു നീ.

**37.** മഴയായ് മഞ്ഞായ്..........................കിട്ടുന്നതറിവീല.

**IV. മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും മൂന്നോ നാലോ വരിയിൽ കവിയരുത്.** **3x2=6**

**38.** ഹനുമാൻ എങ്ങനെയാണ് ലങ്കയുടെ ഉള്ളിൽ കടക്കാൻ മുതിർന്നത് ?

**39.** എന്തിനാണ് ലോകം തന്നെ പുച്ഛിക്കുന്നതെന്നാണ് പൂവ് കരുതുന്നത് ?

**40.** ആരുടെയൊക്കെ ജഡങ്ങളാണ് രണഭൂമിയിൽ കണ്ടത് ?

**41.** മകനോട് എങ്ങനെയുള്ളവനായിത്തീരാനാണ് പറയുന്നത് ?

**42.** പിന്നെയും പാടാനെത്തി പണ്ടത്തെ വിഷുപക്ഷി. എപ്പോഴാണ് വിഷുപക്ഷി പാടാനെത്തിയത് ?

**V. രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.** **2x5=10**

**43.** മാരുതി കണ്ട ലങ്ക കവി വർണ്ണിക്കുന്നതെങ്ങനെ ?

**44.** സ്നേഹത്തെക്കുറിച്ച് സൂര്യകാന്തിപ്പൂവ് പറയുന്നതെന്ത് ?

**45.** മാറുന്ന കാലപോക്കിൽ നാളത്തെ കണിത്തട്ടിലെന്തൊക്കെയുണ്ടാവാമെന്നാണ് കവി കരുതുന്നത് ?

**VI. ഒരു ചോദ്യത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.** **1x8=8**

**46.** സ്നേഹത്തെക്കുറിച്ച് കവിയ്ക്കുള്ള വീക്ഷണം ഭിക്ഷുവും ചണ്ഡാലിയും എന്ന കാവ്യഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

**47.** കുറ്റിപ്പുറം പാലത്തിൽ കയറി നിന്നപ്പോൾ കവിക്കുണ്ടായ ചിന്തകൾ സംഗ്രഹിക്കുക.

**48.** ശുദ്ധമായ ഗ്രാമീണ സംസ്കാരത്തിലേക്കും ബാല്യസൗഹൃദത്തിലേയ്ക്കും വെളിച്ചം വീശുന്നതാണ് വിജയലക്ഷ്മിയുടെ വാഴപ്പഴം എന്ന കവിത. വിശദമാക്കുക.



www.careerindia.com

CAREERINDIA



**VII. മൂന്നു ചോദ്യത്തിന് ഉത്തരമെഴുതുക.** 3x2=6

49. കാലാവസ്ഥ പ്രവചിക്കുന്ന ചൊല്ലുകളേതെല്ലാം ?

50. പ്രണമിച്ചു കിടന്ന കർണ്ണനെ സൂര്യൻ ആശീർവദിച്ചതെങ്ങനെ ?

51. നാടോടി എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

52. ഗുഡിയം സ്ഥിതി ചെയ്യുന്നതെവിടെ ?

53. തീയേറ്ററിലെ ഇരുട്ടിൽ സംഭവിക്കുന്നതെന്ത് ?

**VIII. രണ്ടു ചോദ്യങ്ങൾക്ക് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക.** 2x5=10

54. ചെറുകഥ എന്ന സാഹിത്യരൂപത്തെക്കുറിച്ചെഴുതുക.

55. വിദൂഷകൻ നടത്തിയ ആയുധ പരീക്ഷ എപ്രകാരമായിരുന്നു ?

56. ഉത്തരേന്ത്യൻ ഭാഷകളെക്കുറിച്ചെഴുതുക.

**IX. ഒരു ചോദ്യത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** 1x8=8

57. ജീവൻ ബലികൊടുത്തും യശസ്സ് നേടാൻ കൊതിക്കുന്ന കർണ്ണനെന്ന ഇതിഹാസ കഥാപാത്രത്തെ നോവലിസ്റ്റ് അവതരിപ്പിക്കുന്നതെങ്ങനെ ?

58. ആദിമാനവൻ ജീവിച്ച ഗുഡിയം ഗുഹയുടെ സവിശേഷതകളെ കുറിച്ചെഴുതുക.

59. തമിഴ്-മലയാളങ്ങളിലെ സമാനപദങ്ങളെ താരതമ്യം ചെയ്തുകൊണ്ട് ലേഖകൻ ചൂണ്ടിക്കാണിക്കുന്ന വസ്തുതകളെന്തെല്ലാം ?

- o O o -

www.careerindia.com